# പോലീസ് കേരളം വകുപ്പ്

## PROCEEDINGS OF THE COMMANDANT

**കേരള ആംഡ് പോലീസ് ബറ്റാലിയൻ-I, തൃശ്ശൂർ**

**സാന്നിദ്ധ്യം : വിൽസൺ പി വി**

വിഷയം : കെ എ പി ഒന്നാം ബറ്റാലിയനിലെ 01-01-1992 മുതൽ 31-12-2011 വരെയുള്ള കാലയളവിലെ ഹവിൽദാർമാരുടെ പുതിയ സീനിയോറിറ്റി പട്ടിക റദ്ദ് ചെയ്ത് ഉത്തരവാകുന്നത് സംബന്ധിച്ച് :-

സൂചന :
1. സായുധ പോലീസ് ബറ്റാലിയൻ ആസ്ഥാനത്ത് നിന്നുമുള്ള 30-11-2017 തീയതിയിലെ എ8 (സ്പെഷൽ ടീം)-13978/2017 നമ്പറിലുള്ള കത്ത്.
2. ഈ ഓഫീസിലെ 16-05-2018 തീയതിയിലെ എ3-29448/2017 നമ്പറിലുള്ള നടപടിക്രമം.
3. സായുധ പോലീസ് ബറ്റാലിയൻ ആസ്ഥാനത്തെ 25-09-2018 തീയതിയിലെ എ8 (സ്പെഷൽ ടീം)-13978/2017 നമ്പറിലുള്ള കത്ത്
4. ഈ ഓഫീസിലെ 23-10-2018, 10-11-2018 തീയതികളിലെ എ3-29448/2017 നമ്പറിലുള്ള നടപടിക്രമം.
5. ബഹു കേരള ഹൈക്കോടതി മുമ്പാകെ റിട്ട് അപ്പീൽ നംബർ 2739/2009 കേസിൽ 2273/2018 നമ്പറായി ശ്രീ രാജീവൻ എ എപിഎസ്ഐ യും മറ്റ് ചിലരും ചേർന്ന് ഫയൽ ചെയ്ത കോടതിയലക്ഷ്യ ഹർജി.
6. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ മധുവും മറ്റ് ചിലരും ചേർന്ന് ഓ എ നമ്പറായി ഫയൽ ചെയ്ത കേസ്
7. സായുധ പോലീസ് ബറ്റാലിയൻ ആസ്ഥാനത്തെ 29-11-2018 തീയതിയിലെ എ8-16023/2018/എ പി ബി നമ്പറിലുള്ള കത്ത്.

**ഉത്തരവ് നമ്പർ : A3-29448/2017/KAP-I തീയതി. 01-12-2018**

സായുധ പോലീസ് ബറ്റാലിയൻ അഡീഷണൽ ഡയറക്ടർ ജനറലിൽ നിന്നുമുള്ള സൂചനയിൽ ഒന്നാമത് പരാമർശിച്ച കത്തിലെ നിർദേശാനുസരണം ഈ ബറ്റാലിയനിലെ 01-01-1992 മുതൽ 31-12-2011 വരെയുള്ള കാലയളവിലെ ഹവിൽദാർമാരുടെ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കിയ തീയതിയോ , ഹവിൽദാർ ടെസ്റ്റ് യോഗ്യത നേടിയ തീയതിയോ , ഹവിൽദാർ തസ്തികയിൽ ഒഴിവ് വന്ന തീയതിയോ ഏതാണ് അവസാനം വരുന്നത് ആ തീയതിയിലേക്ക് ഹവിൽദാർ പ്രൊമോഷൻ റെഗുലറൈസേഷൻ മാറ്റി സീനിയോറിറ്റി പട്ടിക പുതുക്കി പ്രസിദ്ധീകരിച്ച് സൂചന 2 പ്രകാരം സ്ഥിരീകരിച്ചിരുന്നു. പിന്നീട് സൂചനയിൽ 3-)മതായി പരാമർശിച്ച സായുധ പോലീസ് ബറ്റാലിയൻ ആസ്ഥാനത്തെ കത്തിലെ നിർദേശാനുസരണം പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ പ്രൊബേഷൻ പരിശീലനം പൂർത്തിയാക്കി 3 വർഷത്തിനുള്ളിൽ വിജയകരമായി പൂർത്തിയാക്കിയവർക്ക് പ്രൊബേഷൻ തീയതി നീണ്ടു പോയിട്ടുണ്ടെങ്കിലും മറ്റു നിലക്ക് യോഗ്യതയുണ്ടെങ്കിൽ പ്രവേശന തസ്തികയിലെ പി എസ് സി ശുപാർശ പരിരക്ഷിച്ചുകൊണ്ട് ജൂനിയർക്ക് നല്കിയ റെഗുലറൈസേഷൻ തീയതി നല്കി ഈ പട്ടിക പുന : പ്രസിദ്ധീകരിക്കുകയും 23-10-2018 –ൽ സൂചന 4 പ്രകാരം സ്ഥിരീകരിക്കുകയും 10-11-2018 – ൽ ഇതേ നംബർ നടപടിക്രമം പ്രകാരം തെറ്റുകൾ തിരുത്തി അന്തിമ പട്ടികയായി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

എന്നാൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേരളാ ഹൈകോടതിയിലും ഫയൽ ചെയ്യപ്പെട്ട കോടതിയലക്ഷ്യ ഹർജികൾ പരിഗണിച്ച് സായുധ പോലീസ് ബറ്റാലിയൻ ആസ്ഥാനത്ത് നിന്നുള്ള സൂചനയിൽ ഒന്നും നാലുമായി പരാമർശിച്ച കത്തിലെ നിർദേശത്തിൻറെ അടിസ്ഥാനത്തിൽ മാറ്റം വരുത്തി പ്രസിദ്ധീകരിച്ച 01-01-1992 മുതൽ 31-12-2011 വരെയുള്ള കാലയളവിലെ ഹവിൽദാർമാരുടെ സീനിയോറിറ്റി പട്ടിക റദ്ദ് ചെയ്യുന്നതിന് സായുധ പോലീസ് ബറ്റാലിയൻ അഡീഷണൽ ഡയറക്ടർ ജനറലിൽ നിന്നുള്ള സൂചനയിൽ 7 മതായി പരാമർശിച്ച കത്തിൽ നിർദേശിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ സാഹചര്യത്തിൽ സൂചന രണ്ടും നാലും പ്രകാരം പ്രസിദ്ധീകരിച്ച ഈ ബറ്റാലിയനിലെ 01-01-1992 മുതൽ 31-12-2011 വരെയുള്ള കാലയളവിലെ ഹവിൽദാർമാരുടെ അന്തിമ സീനിയോറിറ്റി പട്ടിക ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

A3-29448/2017/KAP-I ba7718

01-12-2018

വിൽസൺ പി വി,

കമാണ്ടൻറ്

സ്വീകർത്താവ്: ബഹു ഡയറക്ടർമാകർ വി എ സി ബി , കേരള പോലീസ് അക്കാദമി, അഡീഷണൽ പോലീസ് ഡയറക്ടർ (ഇന്റലിജന്റ്സ്), എല്ലാ ബറ്റാലിയൻ കമാണ്ടന്റ് മാര്ക്കും , പോലീസ് ട്രെയിനിംഗ് കോളേജ് പ്രിന്സിിപ്പാളിനും, എല്ലാ ജില്ലാ പോലീസ് മേധാവിമാര്ക്കുംട, എസ് ബി സി ഐ ഡി / സി ബി സി ഐ ഡി ആസ്ഥാനത്തെ പോലീസ് സൂപ്രണ്ടുമാര്ക്കും റെയിലേസ, ടെലി കമ്യൂണിക്കേഷൻ പോലീസ് സൂപ്രണ്ടുമാര്ക്കും , കേരള നിയമ സഭ , സെക്രട്ടറിയേറ്റ് , ജോയിന്റ് ഡെപ്യൂട്ടി ഡയറക്ടർ ബ്യൂറോ ഓഫ് ഇമിഗ്രേഷൻ തിരുവനന്തപുരം, പോലീസ് ആസ്ഥാനത്തെയും സായുധ പോലീസ് ബറ്റാലിയൻ ആസ്ഥാനത്തെയും ഡ്യൂട്ടി ഓഫീസര്മാലര്ക്കും അറിവിലേക്കും , കെ എ പി ഒന്നാം ബറ്റാലിയനിൽ മേൽ കാലയളവിൽ ഹവില്ദാ ർ ആയിരുന്നവരും പ്രസ്തുത യൂണിറ്റുകളിൽ നിലവിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവര്ക്കു മിടയിൽ ചുറ്റി അറിയിപ്പിനുമായി

ബഹു കേരള സംസ്ഥാന പോലീസ് മേധാവിക്കും, സായുധ പോലീസ് ബറ്റാലിയൻ അഡീഷണൽ ഡയറക്ടർ ജനറലിനും, ഡെപ്യൂട്ടി പോലീസ് ഇന്സ്പെ ക്ടർ ജനറലിനും അറിവിലേക്കായി

ബഹു അഡീഷണൽ പോലീസ് ഡയറക്ടർ എസ് സി ആർ ബി തിരുവനന്തപുരത്തിന് കേരള പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

Internal Administrative Processing System iAPS KERALA POLICE